## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6623** **09.07.2014 ലെ മറുപടിയ്ക്ക്**

## കെ. എസ്. എഫ്. ഇ. വിദ്യാഭ്യാസ ചിട്ടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ബാബു എം. പാലിശ്ശേരി :** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | കെ.എസ്.എഫ്.ഇ ആവിഷ്കരിച്ചിട്ടുള്ള വിദ്യാഭ്യാസ ചിട്ടിയിൽ നിലവിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | കെ.എസ്.എഫ് ഇ ആവിഷ്കരിച്ചിട്ടുള്ള വിദ്യാഭ്യാസ ചിട്ടിയിൽ നിലവിൽ 180 പേർ അംഗങ്ങളായിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെയാണ് ഈ ചിട്ടിയിൽ ചേരാൻ അനുവദിക്കുന്നത്; ഇതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ; | (ബി) & (സി) | 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടി അവരുടെ രക്ഷകർത്താവിന്റെ പേരിൽ പ്രതിമാസ തവണകളായി 2000, 3000, 5000 രൂപ നിരക്കിൽ 30, 40, 60, 70, 80, 90 മാസ കാലാവധിയുള്ള ചിട്ടികളിൽ ചേർന്നു കൊണ്ട് ഈ പദ്ധതിയിൽ അംഗങ്ങളാകാം. |
| (സി) | വിദ്യാർത്ഥികൾക്ക് ഈ ചിട്ടി വഴി ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ ? | | പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ പഠനം വളരെ ചിലവേറി വരുന്ന ഈ കാലഘട്ടത്തിൽ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകമാകുന്നതിനു വേണ്ടി കെ.എസ്.എഫ്.ഇ വിഭാവനം ചെയ്ത് നടപ്പിലാക്കിയ നൂതന വിദ്യാഭ്യാസ പദ്ധതിയാണ് "പ്രൊഫഷണൽ എഡ്യുകെയർ ചിട്ടി". കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുക എന്ന ഒരു ലക്ഷ്യം കൂടി ഈ പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ നടപ്പിലാക്കുന്നുണ്ട്. അവരുടെ ചെറിയ |

സമ്പാദ്യങ്ങൾ കെ.എസ്.എഫ്.ഇ നൽകിയിട്ടുള്ള ഒരു "സേവിംഗ് പോട്ടിൽ" നിക്ഷേപിക്കുകയും ആയത് അതാത് സ്കൂൾ അധികൃതർ സൂക്ഷിക്കുകയും ചിട്ടിയുടെ തീയതിയിൽ അത് തുറന്ന് തവണ സംഖ്യയ്ക്ക് ഉപയോഗിക്കുകയും ചെയ്യുന്ന രീതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. ചിട്ടിത്തുക വിളിച്ചെടുത്ത് ചിട്ടിയുടെ കാലാവധി തീരുന്നതു വരെ അതായത് കുട്ടിയുടെ +2 വിദ്യഭ്യാസം കഴിയുന്നത് വരെ കെ.എസ്.എഫ്.ഇ യുടെ **CSDT** എന്ന സ്ഥിര നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കുന്നതും, പ്രസ്തുത നിക്ഷേപത്തിന് സാധാരണ സ്ഥിര നിക്ഷേപത്തിൽ നിന്നും അധികമായി പലിശ നൽകുന്നതുമായിരിക്കും. ചിട്ടിത്തുക നിക്ഷേപിക്കുന്നതിനാൽ മറ്റു ജാമ്യങ്ങൾ ആവശ്യവുമില്ല. മറ്റെല്ലാ കാര്യങ്ങളും സാധാരണ ചിട്ടി നിയമ പ്രകാരം തന്നെയാണ് നടപ്പിലാക്കുക.

**സെക്ഷൻ ഓഫീസർ.**